**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3745** **06-08-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ഐ.റ്റി.ഐ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഐ.റ്റി.ഐ.യിൽ പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ എത്ര ശതമാനം ജോലികൾ പൂർത്തിയായെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മാവേലിക്കര ഐ.ടി.ഐ.യിൽ 55% ജോലികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള എത്ര ഐ.റ്റി.ഐ.കളിൽ കഴിഞ്ഞ 5 വർഷത്തിനകം പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; അവയുടെ പേര് ലഭ്യമാക്കുമോ; | (ബി) | വകുപ്പിന് കീഴിലുള്ള ആറ്റിപ്ര, വെട്ടിക്കവല, ഓച്ചിറ, വരവൂർ, എടത്തിരുത്തി, പാതായ്ക്കര, കുറവങ്ങാട്, ബേള എന്നീ 8 ഐ.ടി.ഐ.കളിൽ കഴിഞ്ഞ 5 വർഷത്തിനകം കെട്ടിടം (അക്കാദമിക് കെട്ടിടം) പണി പൂർത്തിയായിട്ടുണ്ട്. കൂടാതെ ഓച്ചിറ, മാടായി ഐ.ടി.ഐ.കളുടെ ഹോസ്റ്റൽ കെട്ടിട നിർമ്മാണവും കഴിഞ്ഞ 5 വർഷത്തിനകം പൂർത്തിയായിട്ടുണ്ട്. |
| (സി) | പ്രസ്തുത ഐ.റ്റി.ഐ.കളിൽ ഏതൊക്കെ ഐ.റ്റി.ഐ.കളിൽ നിന്നും പുതിയ ട്രേഡിനുള്ള പ്രൊപ്പോസലുകൾ ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ആറ്റിപ്ര, വെട്ടിക്കവല എന്നീ ഐ.റ്റി.ഐ.കളിൽ യഥാക്രമം ടർണർ, ഫിറ്റർ, ഡി/സിവിൽ എന്നീ ട്രേഡുകളും ഓച്ചിറ ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ ട്രേഡും പാതായ്ക്കര ഐ.റ്റി.ഐ.യിൽ ഡി/സിവിൽ ട്രേഡും, എടത്തിരുത്തി ഐ.റ്റി.ഐ.യിൽ I&CTSM ട്രേഡും ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ഡി) | ആയതിൽ ഏതൊക്കെ ഐ.റ്റി.ഐ.കളിലെ പ്രൊപ്പോസലുകൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ ഏതെങ്കിലും പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ആറ്റിപ്ര, വെട്ടിക്കവല എന്നീ ഐ.റ്റി.ഐ.കളിൽ യഥാക്രമം ടർണർ, ഫിറ്റർ, ഡി/സിവിൽ എന്നീ ട്രേഡുകളും ഓച്ചിറ ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ ട്രേഡും പാതായ്ക്കര ഐ.റ്റി.ഐ.യിൽ ഡി/സിവിൽ ട്രേഡും, എടത്തിരുത്തി ഐ.റ്റി.ഐ.യിൽ I&CTSM ട്രേഡും ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ